പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 505 — 09.02.2016-ലെ മറുപടിയ്ക്ക്

## സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.എ.മാധവൻ<br>„ പി.സി.വിഷ്ണുനാഥ്<br>„ ലൂഡി ലൂയിസ്<br>„ കെ.ശിവദാസൻ നായർ | ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) സഹകരണ നിക്ഷേപ ഗ്യാരണ്ടി സ്കീം നടപ്പാക്കിയിട്ടുണ്ടോ; | (എ) സഹകരണ മേഖലയിൽ നിക്ഷേപങ്ങൾക്ക് സുരക്ഷ നൽകുന്നതിനായി കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം 2012 ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (ബി) സഹകരണ സംഘങ്ങൾ/ബാങ്കുകളിലെ നിക്ഷേപകരുടെ താല്പര്യം സംരക്ഷിക്കുകയാണ് സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീമിന്റെ ലക്ഷ്യം. പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിലും രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ വരുന്ന നിക്ഷേപം സ്വീകരിക്കുന്നതുമായ എല്ലാ സഹകരണ സംഘങ്ങളിലും ഒരു നിക്ഷേപകൻ നിക്ഷേപിക്കുന്ന നിക്ഷേപങ്ങൾക്ക് പരമാവധി ഒന്നര ലക്ഷം രൂപ വരെ ഗ്യാരന്റി നൽകുന്നതിനായി നിക്ഷേപ ഗ്യാരന്റി സ്കീം നടപ്പിലാക്കുക എന്നതാണ് നിക്ഷേപ ഗ്യാരന്റി ബോർഡിന്റെ പ്രവർത്തനത്തിലൂടെ ഉദ്ദേശിക്കുന്നത്. വായ്പാ സംഘങ്ങളിലെ നിക്ഷേപകരുടെ |

(---2)

നിക്ഷേപങ്ങൾക്ക് ഗ്യാരന്റി നൽകുക, അതുവഴി നിക്ഷേപകർക്ക് സംഘങ്ങളിലുള്ള വിശ്വാസം വർദ്ധിപ്പിക്കുക, കൂടുതൽ നിക്ഷേപകരെ ആകർഷിക്കുക തുടങ്ങിയവയാണ് ബോർഡിന്റെ മുഖ്യലക്ഷ്യങ്ങൾ.

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

(സി) സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം ഫലപ്രദമായി നടപ്പാക്കാൻ കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ് രൂപീകരിച്ചു. നിക്ഷേപ ഗ്യാരന്റി സ്കീം ബാധകമായ എല്ലാ സഹകരണ സംഘങ്ങളും പ്രസ്തുത സ്കീമിൽ ചേരണമെന്നും സ്കീമിൽ ചേരാത്ത സഹകരണ സംഘങ്ങൾക്ക് നിക്ഷേപം സ്വീകരിക്കാനുള്ള അവകാശം നഷ്ടമാകുമെന്നും, സ്കീമിൽ ചേരാത്ത സഹകരണ സംഘങ്ങൾ നിക്ഷേപം സ്വീകരിക്കുന്നതിൽ നിന്നും വിലക്ക് കൽപ്പിച്ച് ഉത്തരവ് നൽകാൻ സഹകരണ സംഘം രജിസ്ട്രാറെ അധികാരപ്പെടുത്തുന്ന വ്യവസ്ഥ ഉൾപ്പെടുത്തിയും കേരള സഹകരണ നിയമം ഭേദഗതി ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘം രജിസ്ട്രാർ ആവശ്യമായ മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ